# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1007 10.08.2017 ൽ മറുപടിക്ക്**

**കോന്നി മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.അടൂർ പ്രകാശ് | | ശ്രീ ജി സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) കോന്നി മണ്ഡലത്തിൽ കിഫ്ബി വഴി ഏതെല്ലാം പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ടെന്ന ഇനം തിരിച്ചും വകുപ്പ് തിരിച്ചും വ്യക്തമാക്കമോ; | എ) | കോന്നി മണ്ഡലത്തിൽ കിഫ്ബി വഴി നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ താഴെ പറയുന്ന 5 പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്<br>1. അട്ടച്ചാക്കൽ - കുമ്പളാംപൊയ്ക റോഡ്<br>2. കലഞ്ഞൂർ പാടം റോഡ്<br>3. അച്ചൻകോവിൽ - പ്ലാപള്ളി റോഡ്<br>4. ഏഴംകുളം - കൈപ്പട്ടൂർ റോഡ്<br>5. പുതുവൽ - മങ്ങാട് റോഡ്<br>കെട്ടിടം, ദേശീയപാത വിഭാഗങ്ങളുടെ കീഴിൽ പ്രവൃത്തികൾ ഒന്നും തന്നെയില്ല. |
| ബി) ഇതിൽ ഏതെല്ലാം പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ടെന്നും ഏതെല്ലാം ആരംഭിക്കാറായിട്ടുണ്ടെന്നും വിശദീകരിക്കമോ; | ബി) | ഒരു പ്രവൃത്തിയും ആരംഭിച്ചിട്ടില്ല. അട്ടച്ചാക്കൽ - കുമ്പളാംപൊയ്ക റോഡ്, കലഞ്ഞൂർ പാടം റോഡ് എന്നിവയുടെ ഡി പി ആർ തയ്യാറാക്കി അനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. പുതുവൽ - മങ്ങാട് റോഡ് , ഏഴംകുളം - കൈപ്പട്ടൂർ റോഡ് എന്നിവയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് കിഫ്ബിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. അച്ചൻകോവിൽ - പ്ലാപള്ളി റോഡിന്റെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് പരിശോധിച്ച വരുന്നു. |

| | |
|---|---|
| സി) ഓരോ പ്രവർത്തികൾക്കും വകയിരുത്തിയ തുക, അനുവദിച്ച തുക, അനുവദിക്കാനുള്ള തുക എത്രയെന്നും അനുവദിക്കാനുള്ള തുക എന്നത്തേക്ക് അനുവദിക്കുമെന്നും വ്യക്തമാക്കുമോ ? | സി) **വകയിരുത്തിയ തുക**<br>അട്ടച്ചാക്കൽ - കുമ്പളാംപൊയ്ക റോഡ്- 10 കോടി<br>കലഞ്ഞൂർ പാടം റോഡ് - 15 കോടി<br>അച്ചൻകോവിൽ - പ്ലാപള്ളി റോഡ് - 25 കോടി<br>ഏഴംകുളം - കൈപ്പട്ടൂർ റോഡ് - 20 കോടി<br>പുതുവൽ - മങ്ങാട് റോഡ് - 31 കോടി<br>**അനുവദിക്കാനുള്ള തുക**<br>അട്ടച്ചാക്കൽ - കുമ്പളാംപൊയ്ക റോഡ്- 17 കോടി<br>കലഞ്ഞൂർ പാടം റോഡ് -28.86 കോടി<br>തുക എന്നത്തേക്ക് അനുവദിക്കുമെന്ന് ഇപ്പോൾ പറയാൻ കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ